**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5023** **01-11-2021 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിലെ സ്മാർട്ട് വില്ലേജുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ആഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) | വാമനപുരം നിയോജക മണ്ഡലത്തിലെ വാമനപുരം, കല്ലറ, ആനാട്, പുല്ലംമ്പാറ, നെല്ലനാട് എന്നീ വില്ലേജ് ഓഫീസുകളെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതും നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്. അതിൽ വാമനപുരം, കല്ലറ, ആനാട് വില്ലേജുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഏതെല്ലാം വില്ലേജ് ആഫീസുകൾ ഇനിയും സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആക്കി മാറ്റാൻ ഉണ്ട്; വിശദമാക്കാമോ; | (ബി) | വാമനപുരം മണ്ഡലത്തിലെ പെരിങ്ങമ്മല, പാലോട്, കുറുപുഴ, പാങ്ങോട്, പനവൂർ, തെന്നൂർ എന്നീ വില്ലേജുകളെ സ്മാർട്ട് വില്ലേജ് ഓഫീസാക്കി മാറ്റാനുണ്ട്. |
| (സി) | സ്മാർട്ട് വില്ലേജുകളിൽ എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്താനാണ് ലക്ഷ്യമിടുന്നത് എന്നറിയിക്കാമോ? | (സി) | സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടു കൂടി വില്ലേജ് ആഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെ വച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളുമാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ ഒരുക്കുന്നത്. |

സെക്ഷൻ ഓഫീസർ